**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2708 **09.03.2017**-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയം പര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം പഞ്ചായത്തിലെ ഏഴിലോട് ചക്ലിയ കോളനിയുടെയും മാടായി ഗ്രാമ പഞ്ചായത്തിലെ മൂലക്കീൽ കോളനിയുടെയും നിർമ്മാണ പുരോഗതി അറിയിക്കാമോ; ഇവയുടെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (എ) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം പഞ്ചായത്തിലെ ഏഴിലോട് ചക്ലിയ കോളനിയുടെയും മാടായി ഗ്രാമ പഞ്ചായത്തിലെ മൂലക്കീൽ കോളനിയുടെയും നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.<br><u>ഏഴിലോട് ചക്ലിയ കോളനി</u><br>1. വീടുകളുടെ പ്ലാസ്റ്ററിംഗ് - 15 പേരെ തെരഞ്ഞെടുത്തു. പൂർത്തിയായി<br>2. വീടുകളുടെ വൈറ്റ് വാഷ് - 25 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 15 എണ്ണം പൂർത്തിയായി. 8 എണ്ണം പൂർത്തിയാകാനുണ്ട്.<br>3. വീടുകളുടെ തറയിൽ ടൈൽസ് പതിപ്പിക്കുന്ന പദ്ധതി - 21 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. പൂർത്തിയായത്-17, പൂർത്തിയാകാത്തത്-4<br>4. വീടുകളുടെ ജനൽ, വാതിൽ റിപ്പയർ- 18 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. പണി ആരംഭിച്ചിട്ടില്ല.<br>5. വീടുകളുടെ മേൽക്കൂര റിപ്പയർ - ഒരു ഗുണഭോക്താവിനെ തെരഞ്ഞെടുത്തു. പണി ആരംഭിച്ചിട്ടില്ല.<br>6. റോഡ് ടാറിംഗ്- പൂർത്തിയായി<br>7. കുഴൽക്കിണർ- പൂർത്തിയായി |

| | | | |
|---|---|---|---|
| | | | 8. കുഴൽക്കിണറിൽ പമ്പ് സെറ്റ് സ്ഥാപിക്കൽ - പൂർത്തിയായിട്ടില്ല.<br>9. വാട്ടർ സപ്ലൈ - 66 വ്യക്തിഗത ഗുണഭോക്താക്കൾക്കും സാംസ്കാരിക നിലയം അംഗൻവാടി, സ്കൂൾ എന്നിവയ്ക്കും കണക്ഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ സാംസ്കാരിക നിലയം, സ്കൂൾ, അംഗൻവാടി എന്നിവിടങ്ങളിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതി കറന്റ് കണക്ഷൻ ലഭിക്കാത്തതിനാൽ പൂർണ്ണമായിട്ടില്ല. മാർച്ച് 31 നകം തന്നെ കറന്റ് കണക്ഷൻ ലഭ്യമാക്കി മുഴുവൻ പദ്ധതികളും പൂർത്തിയാക്കുമെന്ന് ഏജൻസിയായ FIT അറിയിച്ചിട്ടുണ്ട്.<br><br>മൂലക്കീൽ കോളനി<br>1. കുടിവെള്ളം - കുടിവെള്ള പദ്ധതിയ്ക്കായി 27,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടി തുക കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.<br>2. വേലായുധൻ പീടിക – പഞ്ചായത്ത് കിണർ റോഡ് പൂർത്തീകരിച്ചിട്ടില്ല<br>3. മൂലക്കീൽ പാലം - പടന്നപാലം റോഡ് പൂർത്തീകരിച്ചിട്ടില്ല.<br>4. ഇന്ദിരാജി ക്ലബ്- സ്വാമി മഠം ഫുറ്റ്പ്പാത്ത് പൂർത്തീകരിച്ചു.<br>5. രണ്ട്തോട് -ദമയന്തി വീട് ഫുറ്റ്പ്പാത്ത് പൂർത്തീകരിച്ചു.<br>6. രാജൻ പീടിക – രാഘവൻ വീട് ഫുറ്റ്പ്പാത്ത് പുരോഗമിക്കുന്നു.<br>7. നാരായണൻ കട – രാജൻ വീട് ഫുറ്റ്പ്പാത്ത് പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ